**അതിഥി തൊഴിലാളികൾക്ക് അവർക്കിഷ്ടപ്പെട്ട അന്നമൂട്ടി കാസറഗോഡ് ജില്ലയിലെ അയൽക്കൂട്ടങ്ങൾ**

കൊറോണ രോഗത്തിന്റെ വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയ ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നിരവധി കമ്മ്യൂണിറ്റി കിച്ചണുകളാണ് കാസറഗോഡ് ജില്ലയിൽ വിവിധ ഇടങ്ങളിലായി കുടുംബശ്രീയുടെയും അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചത്. ഈ കൂട്ടത്തിൽ കരുതലിന്റെ വേറിട്ടൊരു മാതൃകയൊരുക്കി വ്യത്യസ്തരാവുകയാണ് കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്ത് സി.ഡി.എസ്. അതിഥി തൊഴിലാളികൾക്ക് അവർക്കിഷ്ടപ്പെട്ട ഭക്ഷണമൂട്ടിയാണ് ഇവർ വ്യത്യസ്തരാവുന്നത്. പഞ്ചായത്തിൽ വിവിധ തൊഴിലുകൾക്കായി എത്തിയ 191 അതിഥി തൊഴിലാളികൾക്കാണ് കുറ്റിക്കോൽ പഞ്ചായത്ത് സി.ഡി.എസ്, അവർക്ക് ഇഷ്ടപ്പെട്ട ഭക്ഷണം ഒരുക്കുന്നത്. ചപ്പാത്തിയും പൊറോട്ടയും കറിയും ആണ് ഇവർക്കായി ഒരുക്കുന്നത്. കഴിഞ്ഞ ഒൻപത് ദിവസങ്ങളായി അതിഥി തൊഴിലാളികൾക്കു ഇവർ ഇത്തരത്തിൽ ഭക്ഷണം ഒരുക്കുന്നുണ്ട്.

കുറ്റിക്കോൽ സി.ഡി.എസ് തന്നെയാണ് ഇത്തരം ഒരു ആശയവുമായി മുന്നോട്ട് വന്നത്. ബാക്കിയുള്ളവർക്ക് ഊണും ഒരുക്കുന്നുണ്ട്. ഇത്തരത്തിൽ രണ്ടു കമ്മ്യൂണിറ്റി കിച്ചണുകളാണ് കുറ്റിക്കോൽ പഞ്ചായത്ത് സി.ഡി.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്. തവന ഗവണ്മെന്റ് എൽ.പി. സ്കൂളിലാണ് അതിഥി തൊഴിലാളികൾക്കുള്ള ഭക്ഷണം ഒരുക്കുന്നത്. കുറ്റിക്കോൽ പഞ്ചായത്തിലെ നാലാം വാർഡിൽ പ്രവർത്തിക്കുന്ന നവജ്യോതി കുടുംബശ്രീ യൂണിറ്റാണ് അവർക്കുള്ള

ഭക്ഷണം പാകം ചെയ്യുന്നത്. കുടുംബശ്രീ സംരംഭമായ പാർവതി ഹോട്ടലിലാണ് ഉച്ചയൂണൊരുക്കുന്നത്. തയ്യാറാക്കിയ ഭക്ഷണപ്പൊതികൾ വാർഡ് മെമ്പർ, വാർഡിലെ ജാഗ്രത സമിതി അംഗങ്ങൾ, സന്നദ്ധ വോളന്റിയർമാർ എന്നിവരുടെ സഹായത്തോടെ അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ എത്തിച്ചു നൽകുകയാണ് ചെയ്യുന്നത്. പ്രതിസന്ധി കാലഘട്ടത്തിലും സഹജീവികളെ ചേർത്ത് പിടിച്ചു കരുതലിന്റെ വേറിട്ടൊരു മാതൃകയൊരുക്കി മുന്നോട്ട് പോവുകയാണ് കാസറഗോഡ് നിന്നുള്ള ഒരു കൂട്ടം കുടുംബശ്രീ വനിതകൾ.